(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ദേലമ്പാടി വില്ലേജിലുള്ളവർക്ക് ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയിൽ എത്തുന്നതിനുള്ള പ്രധാന മാർഗ്ഗമെന്ന പരിഗണന നൽകി എത്രയുംവേഗം ഈ റോഡിന്റെ നിർമ്മാണത്തിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽ പരാമർശിച്ച റോഡിനാവശ്യമായ കേന്ദ്രാനുമതി ലഭിക്കുന്നതിന് പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) നോർത്ത് സർക്കിൾ, കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ആയത് അപൂർണ്ണമായതിനാൽ അപാകതകൾ പരിഹരിച്ച് നൽകാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോടിനോട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) നിർദ്ദേശിച്ചിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ പ്രതീക്ഷിക്കുകയാണ്.

(സി) പുതുക്കിയ പ്രൊപ്പോസൽ സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും ലഭിക്കുമ്പോൾ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉത്തരം 'സി'യുടെ വെളിച്ചത്തിൽ ബാധകമല്ല.

വനത്തിനുള്ളിൽ കഴിയുന്ന കുടുംബത്തെ ഒഴിപ്പിക്കാൻ ശ്രമിക്കുന്നത് സംബന്ധിച്ച്

245(952) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ബെഡൂർ-അക്കച്ചേരി ഫോറസ്റ്റിനകത്ത് 50 വർഷങ്ങൾക്കുമുമ്പേ താമസിച്ചുവരുന്ന ഒരു കുടുംബത്തെ ഒഴിപ്പിക്കാൻ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ ശ്രമിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ബേഡൂർ-അക്കച്ചേരി ഫോറസ്റ്റിനകത്ത് താമസിക്കുന്ന വണ്ണത്താൻ കണ്ണൻ എന്നയാളുടെ കുടുംബം അനധികൃതമായി കൈവശം വച്ചു വരുന്ന വന ഭൂമി തിരികെ ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബേഡൂർ-അക്കച്ചേരി വനഭാഗത്ത് ഒരേക്കർ സ്ഥലം വണ്ണത്താൻ കണ്ണൻ എന്നിവർക്ക് 1945-ൽ സൗത്ത് കാനറ ഡിവിഷണൽ ഫോറസ്റ്റാഫീസർ പാട്ടത്തിന് നൽകിയിരുന്നു. കണ്ണന്റെ മരണശേഷം ആയത് ടിയാന്റെ ഭാര്യയുടെ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ പുതുക്കി മാറ്റി അനുവദിക്കുകയും ചെയ്തു. ടിയാൻ 26-4-2000-ൽ മരണപ്പെട്ടു. ഈ പാട്ടഭൂമി പിന്നീട് ആർക്കും അനുവദിച്ചിട്ടില്ല. ഇപ്രകാരം മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് പാട്ടം പുതുക്കി നൽകുന്നതിന് നിലവിൽ വ്യവസ്ഥയുമില്ല. ഈ സാഹചര്യത്തിലും 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരവും ടി വനഭൂമി അനധികൃതമായി ഇപ്പോൾ കൈവശം വച്ചു വരുന്നവരിൽ നിന്നും തിരികെ സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

മറയൂർ ഫോറസ്റ്റ് ഡിവിഷനിൽ ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി

246(953) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറയൂർ ഫോറസ്റ്റ് ഡിവിഷനിൽ എത്ര റെയ്ഞ്ചർമാർ ജോലി നോക്കുന്നു ; ഇവർക്കുകീഴിൽ എത്ര ഫോറസ്റ്റ് ഗാർഡുകളും ഫോറസ്റ്റർമാരുമുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഫോറസ്റ്റർമാരുടെയോ ഫോറസ്റ്റ് ഗാർഡുമാരുടെയോ ഒഴിവുകൾ മറയൂർ ഡിവിഷനിൽ നികത്തപ്പെടാതെ കിടക്കുന്നുണ്ടോ ;

(സി) ചന്ദനക്കാടുകൾ നിറഞ്ഞ ഈ പ്രദേശത്തിന്റെ സംരക്ഷണത്തിന് കുറഞ്ഞത് എത്ര ഗാർഡുകൾ വേണം എന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഇവിടെ ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ ;

(ഡി) ചിന്നാർ ചെക്ക്പോസ്റ്റിൽ ഇപ്പോൾ എത്രപേർ ജോലി നോക്കുന്നുണ്ട് ; തസ്തിക തിരിച്ച് എണ്ണം വെളിപ്പെടുത്തുമോ ; ഉദ്യോഗസ്ഥരുടെ അപര്യാപ്തതയുണ്ടെങ്കിൽ അടിയന്തരമായി ഇതു പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്ന് റെയിഞ്ചർമാർ ജോലിനോക്കുന്നുണ്ട്. ഇവരുടെ കീഴിൽ 15 ഫോറസ്റ്റർമാരും 52 ഫോറസ്റ്റ് ഗാർഡുമാരും ജോലിചെയ്യുന്നുണ്ട്.

(ബി) നിലവിൽ ഫോറസ്റ്ററുടെ ഒഴിവില്ല. ഫോറസ്റ്റു ഗാർഡുമാരുടെ 5 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേക്ക് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) മറയൂർ ചന്ദന ഡിവിഷനിൽ 70 ഫോറസ്റ്റ് ഗാർഡുമാരെ ആവശ്യമുണ്ടെന്ന് കാണിച്ച് മറയൂർ ഡിവിഷണൽ ഫോറസ്റ്റാഫീസർ 12-1-2011-ലെ ഇ1-3209/2010 പ്രകാരം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള പ്രൊട്ടക്ഷൻ യൂണിറ്റുകളുടെ എണ്ണം കൂറച്ച് നിലവിൽ ലഭ്യമായ സ്റ്റാഫിനെ ശാസ്ത്രീയമായി വിവിധ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള സാദ്ധ്യത പഠിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly